LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനാലാം സമ്മേളനം

1986 ഡിസംബർ 29, തിങ്കൾ

വാല്യം LXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1986 ഡിസംബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. അടിയന്തിര ചോദ്യം

ഇടുക്കിജില്ലയിൽ വനഭൂമി കയ്യേറി വനംകൊള്ള നടത്തുന്നതായി പരാതി

*1 (1) ശ്രീ. എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ അതിർത്തി പ്രദേശങ്ങളിൽ തമിഴ് നാട്ടിൽനിന്നും, ആളുകൾ വനഭൂമി കയ്യേറി വ്യാപകമായ തോതിൽ മരങ്ങൾ മുറിച്ചു കൊണ്ടു പോകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാന്തൻപാറയ്ക്കു സമീപം ഉച്ചിലികുത്തിമേട്ടിൽ കയ്യേറിയ ഭൂമിയിലെ മരങ്ങൾ കടത്തിക്കൊണ്ടു പോയതു തടയാൻ വനംവകുപ്പിന് സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ എന്തു കാരണത്താൽ;

(സി) ഈ അതിക്രമങ്ങൾ തടയാൻ എന്തു നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഇടുക്കിജില്ലയുടെ അതിർത്തിപ്രദേശങ്ങളിൽ വനം കയ്യേറ്റവും മരം മുറിക്കലും ഉണ്ടായിട്ടില്ല. അതിർത്തിക്കടുത്ത് ഏല തോട്ടത്തിനകത്ത് സമീപകാലത്തു നടന്ന ഒറ്റപ്പെട്ട മരം മുറിക്കലിന് കേസ് സെടുത്തിട്ടുണ്ട്.

(ബി) ശാന്തൻപാറയ്ക്കു സമീപം ഉച്ചിലികുത്തിമേട്ടിൽ വനഭൂമി കയ്യേറ്റം ഉണ്ടായിട്ടില്ല. എന്നാൽ പവനൻ എന്ന ഒരാളുടെ എസ്റ്റേറ്റിൽ സ്റ്റോർ പണിയുന്നതിനായി അനധികൃതമായി രണ്ടുമരം മുറിച്ചതിന് വനംവകുപ്പ് കേസ് സെടുത്തിട്ടുണ്ട്. മരം മുറിച്ച് കടത്തിക്കൊണ്ടു പോകുന്നത് തടയാൻ വനംവകുപ്പിന് സാധിക്കാതെ വന്നിട്ടില്ല.

(സി) മേൽ വിവരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ മേൽ പ്പറഞ്ഞ പ്രദേശങ്ങളിൽ മാത്രമായി പ്രത്യേക നടപടികൾ ആവശ്യ മുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ കയ്യേറ്റവും മരം മുറിക്കലും ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പെട്രോളിംഗ് നടത്തുകയും ഇത് നിരീക്ഷിക്കുന്നതിന് കൂടുതൽ സ്റ്റാഫിനെ നിയോഗിക്കാറുമുണ്ട്.

ശ്രീ. എം. ജിനദേവൻ: ഇത്, സംബന്ധിച്ച് നേരത്തെ ദീപിക പത്രത്തിലും ഇക്കഴിഞ്ഞ 20-ം തീയതിയിലെ മലയാളമനോരമ പത്രത്തിലും വന്നിട്ടുള്ള വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുപോലെതന്നെ കേരളാ-തമിഴ്നാട് അതിർത്തിയിൽ കമ്പമുക്ക്, കടവൂരി (മറയൂരിനടുത്ത്) ശാന്തൻപാറയ്ക്കടുത്ത് ഉച്ചിലി ക്കുത്തിമേട് തുടങ്ങിയ സ്ഥലങ്ങളിലും വൻതോതിൽ വനം കയ്യേറ്റം നടക്കുന്നുണ്ട്. തടി വെട്ടി തമിഴ്നാട്ടിലേക്കു കടത്തിക്കൊണ്ട് പോകുന്നു. കരിച്ച് കരി കഴുതപ്പുറത്ത് കയറ്റി തേവാരത്തിലേക്ക് കടത്തി ക്കൊണ്ടു പോകുന്നുണ്ട്. ഇത് കഴിഞ്ഞ ഏതാനും മാസങ്ങളായി നടന്നു വരുന്ന സംഭവമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് അങ്ങനെയൊരു സംഭവമേ നടന്നിട്ടില്ല എന്നാണ്. പത്രവാർത്തയുടെ അടിസ്ഥാനത്തിലെങ്കിലും ഗവൺമെൻറ് അതിനെപ്പറ്റി അന്വേഷിച്ചോ, അന്വേഷിച്ചുവെങ്കിൽ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടു ത്തിയത്, ആരാണ് അങ്ങനെ റിപ്പോർട്ട് ചെയ്തത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: പത്രവാർത്ത ഗവൺമെൻറിൻെറ ശ്രദ്ധ യിൽ പെട്ടിട്ടുണ്ട്. പത്രവാർത്ത വരുന്നതിനുമുമ്പും അവിടെ പരിശോധന നടത്താറുണ്ട്. പത്രവാർത്ത ശ്രദ്ധയിൽ പെട്ടതിനുശേഷം ദേവികുളം സബ്-കളക്ടറും മൂന്നാർ ഡി.എഫ്.ഒ.യും ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ച് പ്രത്യേകമായി അവിടെപോയി പരിശോധന നടത്തിയിട്ടുണ്ട്. വനഭൂമി കയ്യേറ്റം നടന്നിട്ടില്ലായെന്നാണ് ഞാൻ ഇവിടെ പറഞ്ഞത്. പത്രവാർത്തയെ സംബന്ധിച്ച് റവന്യൂ വകുപ്പു മന്ത്രി പറയുന്നതാണ്. വനഭൂമി കയ്യേറിയിട്ടില്ല.

ശ്രീ. എം. ജിനദേവൻ: വനഭൂമിയായാലും റവന്യൂഭൂമിയായാലും, നമ്മുടെ അതിർത്തിയിലേക്ക് കയ്യേറ്റം നടത്തി, ഭൂമി കയ്യേറുന്നതും തടി വെട്ടുന്നതും കടത്തിക്കൊണ്ടുപോകുന്നതും നടക്കുന്നുണ്ട് എന്ന് ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു. അതിനെക്കുറിച്ച് ഇനിയെങ്കിലും അന്വേഷിക്കാൻ തയ്യാറാകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഏതാണ്ട് ഒരു മാസം മുമ്പ് ഇങ്ങനെയൊരു റിപ്പോർട്ട് ദീപിക പത്രത്തിൽ വരിക യുണ്ടായി. അതിനെക്കുറിച്ച് അന്വേഷിക്കാൻ ജില്ലാ കളക്ടറും ഡെപ്യൂട്ടി കളക്ടറും (സർവ്വെ) ആ സ്ഥലത്തുപോയി അതിർത്തി പരിശോധിച്ച് വെരിഫൈ ചെയ്തിട്ടുണ്ട്. അതിർത്തിയിൽ സ്ഥാപിച്ചിരുന്ന ചില കല്ലുകളിൽ പുതിയ ചായം പൂശിയിട്ടുണ്ടെന്നുള്ളതല്ലാതെ അവിടെ കയ്യേറ്റം നടന്നിട്ടില്ല എന്ന വ്യക്തമായ റിപ്പോർട്ടാണ് കിട്ടിയിട്ടുള്ളത്. ഇക്കഴിഞ്ഞദിവസം വീണ്ടും മനോരമയിൽ ഒരു റിപ്പോർട്ട് വന്നു. ജില്ലാകലക്ടർ ആ പ്രദേശം പോയി അന്വേഷിക്കാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ട്. അതിൻെറ റിപ്പോർട്ട് കിട്ടിയിട്ടില്ല. ആദ്യത്തെ റിപ്പോർട്ട് വച്ച് പറയുകയാണ്, അങ്ങനെ യാതൊരു കയ്യേറ്റവും അവിടെ നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ: വനനശീകരണം തടയാൻ സാധിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പുതിയ വനനയത്തേയും വനപരിപാലനത്തേയും സംബന്ധിച്ച് ഒരു ഉന്നത വിദഗ്ദ്ധ സമിതി ഗവൺമെൻറിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? ആ റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. പി. നൂറുദ്ദീൻ: നമ്മുടെ വനനയം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഒരു ഉന്നതാധികാര സമിതിയെ ഗവൺമെൻറ് നിയോഗിച്ചിരുന്നു. ആ സമിതി ഗവൺമെൻറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൻറെ വെളിച്ചത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ട് ഡിപ്പാർട്ട്മെൻറിലെ തലവന്മാരുടെ കമ്മിറ്റി പരിശോധിച്ചു. ആ പരിശോധനയുടെ ഫലമായി ഏതാണ്ട് 145 നിർദ്ദേശങ്ങളാണ് ആ റിപ്പോർട്ടിൽ ഉണ്ടായിട്ടുള്ളത്. അതിൽ 108 എണ്ണം അംഗീകരിക്കാമെന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കിയുള്ള 37 എണ്ണം നയപരമായ പ്രശ്നങ്ങൾ കൂടി ഉൾക്കൊള്ളുന്നതായതുകൊണ്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതായിട്ടാണിരിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: പെട്രോളിംഗ് ഏർപ്പെടുത്തിയതുകൊണ്ട് വനംകൊള്ള കാര്യമായി നടക്കുന്നില്ല എന്ന സമാധാനമാണ് മന്ത്രിക്കുള്ളത്. വനംകൊള്ള ഇപ്പോഴും നിർബ്ബാധം നടക്കുന്നുണ്ട്. അതു നടത്തുന്നവർ സംഘബലമുള്ളവരും ആയുധബലമുള്ളവരുമാണ്. അതിനെ നേരിടത്തക്ക ആയുധ ബലമോ, വേണ്ടത്ര സ്റ്റാഫോ പെട്രോളിംഗ് സ്റ്റാഫിന് ഇല്ലെന്ന പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് അവർക്ക് ഫലപ്രദമായി പെട്രോളിംഗ് നടത്താൻ കഴിയുന്നില്ല. അവർക്ക് കൂടുതൽ ആയുധം നൽകുന്നതിനും പെട്രോൾ പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സ്റ്റാഫിൻറെ കുറവിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങളും പരാതികളും ഉണ്ട്. മറ്റ് സ്ഥാനങ്ങളിലെ സ്റ്റാഫിൻറെ അവസ്ഥയുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ സ്റ്റാഫിൻറെ എണ്ണം വളരെ കുറവല്ല. പക്ഷേ കേരളത്തിൻറെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്—വനഭൂമിയുടെ വളരെ അടുത്താണ് ജനങ്ങൾ താമസിക്കുന്നത്—സ്റ്റാഫിൻറെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കണമെന്നത് ഗവൺമെൻറ് പരിശോധിച്ചു വരികയാണ്. നിലവിലുള്ള സ്റ്റാഫിൻറെ പോരായ്മ പരിഹരിക്കുന്നതിന് പി. എസ്. സി. യോട് ആവശ്യപ്പെട്ടു, അവർ ടെസ്റ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ വേഗം നിലവിലുള്ള സാംഗ്ഷൻഡ് പോസ്റ്റ് ഫിൽ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

അത്യാവശ്യ ഘടകങ്ങൾക്കെല്ലാം ആയുധം കൊടുത്തിട്ടുണ്ട്. വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ റേഞ്ചർമാർക്കും ആയുധം കൊടുത്തിട്ടുണ്ട്. ഫ്ളയിംഗ് സ്കാഡിലെ ഉദ്യോഗസ്ഥൻമാർക്ക് ആയുധം കൊടുത്തിട്ടുണ്ട്. ആയുധം ഇല്ലെന്നു പറയുന്നത് ഗാർഡുമാർക്കാണ്. അവർക്ക് ആയുധം കൊടുക്കുന്നതോടൊപ്പം അത് പ്രയോഗിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനംകൂടി കൊടുക്കണം. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഏറ്റവും താഴെയുള്ളവർക്ക് തോക്ക് തുടങ്ങിയ ആയുധങ്ങൾ കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: നിലമ്പൂർ പ്രദേശങ്ങളിൽ മരം വെട്ടി ഉദ്യോഗസ്ഥന്മാർ കടത്തിക്കൊണ്ടു പോകുന്നത് നാട്ടുകാർ പിടിച്ചു അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങനെ ഒരു പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടതനുസരിച്ച് അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: അതിർത്തി പ്രദേശങ്ങളിൽ, വനവാസമില്ലാത്ത പ്രദേശങ്ങളിൽ പലപ്പോഴും മോഷണം നടക്കുന്നതായി, വനസാധനങ്ങൾ മറ്റ് സംസ്ഥാനത്തിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായി പരാതി ഉണ്ടായിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ആർ. ഡി. ഒ.യും കളക്ടറും അന്വേഷിച്ചിട്ട് അങ്ങനെയൊന്നുമില്ല, തെളിവു കിട്ടിയിട്ടില്ല എന്നു പറഞ്ഞു. അതിന് തെളിവ് കിട്ടാറുമില്ല. അതിർത്തി കയ്യേറ്റം ഉണ്ടാകാതിരിക്കുവാനും ഒരു കാരണവശാലും മോഷണം ഉണ്ടാകാതിരിക്കുവാനും ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പുംകൂടി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വനഭൂമിയുടെ അതിർത്തികൾ ഇപ്പോൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വളരെ താമസിയാതെ രണ്ടു സംസ്ഥാനങ്ങളും വേർതിരിക്കുന്ന അതിർത്തി ജണ്ടയിട്ട് തിരിച്ച് ഭദ്രമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ അതിർത്തിയല്ല പ്രശ്നം. അവിടെ സ്ഥിരമായി ഒരു സംവിധാനം വേണം. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും റവന്യൂ ഡിപ്പാർട്ട്മെന്റിനും, പെട്രോളിംഗ് സംവിധാനമുണ്ട്. ഇതുരണ്ടുംകൂടി സംയുക്തമായി ചേർന്ന് അതിർത്തിയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: മൂന്നാർ ഡിവിഷന്റെ അതിർത്തി പ്രദേശങ്ങൾ തോട്ടങ്ങളാണ്. അതുകാരണം അതിർത്തി പ്രദേശങ്ങളിൽ മാത്രമായി വനം കയ്യേറ്റമില്ല. ഒഴിഞ്ഞു നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ചാണ് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. എതായാലും ഇങ്ങനെ സാദ്ധ്യതയുണ്ട് എന്നു കാണുന്ന പ്രദേശങ്ങളിൽ പ്രത്യേകമായ സംവിധാനം ഉണ്ടാക്കാറുണ്ടെന്ന് പ്രധാന ചോദ്യത്തിന് ഉത്തരമായി ഞാൻ പറഞ്ഞു.

ശ്രീ. ഫി. പി. തങ്കച്ചൻ: വനഭൂമിയുടെ അതിർത്തി നിർണ്ണയിച്ചുകൊണ്ടിരിക്കുകയാണ് എന്ന് മന്ത്രി പറഞ്ഞു. അതിന്റെ ഭാഗമെന്ന നിലയിൽ കോതമംഗലം ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കാളിയാർ റേഞ്ചിൽ നടുവക്കിട ബീറ്റിൽ കടവൂർ, പോത്തൻചിറ, പൂതക്കുളം

LIBRARY ARCHIVES Kerala Legislative Assembly

ആയക്കുടി മുതലായ പ്രദേശങ്ങളിൽ 1964-മുതൽ ഭൂമി കൈവശംവച്ച് അനുവോച്ച് കൃഷി ചെയ്തുകൊണ്ടിരുന്ന ആളുകളെ ഒഴിപ്പിക്കാൻ ശ്രമം നടന്നു വരുന്നുണ്ട്. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർക്ക് സംരക്ഷണം കൊടുക്കാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: 1977-ന് മുൻപുള്ളവരെ ഒഴിപ്പിക്കേണ്ടതില്ലായെന്നാണ് തിരുമാനിച്ചിട്ടുള്ളത്. ഇത് 1984-ലെ കേസാണ്. അത് പരിശോധിക്കാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അടുത്ത ദിവസം വനവിഭവങ്ങൾ കൊള്ള ചെയ്യുന്നതിനുവേണ്ടി കാട്ടിൽ കടന്ന ഒരാളെ ചില പോലീസു ദ്യോഗസ്ഥന്മാർ ചേർന്ന് വെടിവെച്ചുകൊന്നു എന്നു പറഞ്ഞ് വാർത്ത പത്രത്തിൽ കാണുകയുണ്ടായി. അത് ഈ പ്രദേശത്തു നടന്ന വനം കൊള്ളയുമായി ബന്ധപ്പെട്ടതാണോ, അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ പ്രദേശത്ത് ഇതുപോലുള്ള വെടിവയ്പ് നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഫോറസ്റ്റ് പോളിസി രൂപീകരിക്കുന്ന കമ്മിറ്റിയിൽ ആരൊക്കെയാണ് മെമ്പർമാരെന്നു പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അന്നു രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാൻ കാർഷികസർവ്വകലാശാലയുടെ വൈസ് ചാൻസലർ ശ്രീ. മാധവ മേനോനാണ്. മറ്റു രണ്ടു മെമ്പർമാരായ ശ്രീ. ഹരിസിംഗും, ശ്രീ. ശർമ്മയും മറ്റു സംസ്ഥാനങ്ങളിലുള്ളവരാണ്. ശ്രീ. കെ.കെ. നായർ, ഡോക്ടർ പി. എസ്. നായർ എന്നിവരാണ് മറ്റു രണ്ടുപേർ.

ശ്രീ. കെ. ഇ. ഇസ്മയിൽ: വയനാട് ജില്ലയിലെ പഞ്ചാര ക്കൊല്ലിയിൽ കൃത്രിമമായി രേഖകളുണ്ടാക്കി പട്ടയം വാങ്ങി വ്യാപകമായ തോതിൽ വനം കൊള്ള നടക്കുന്നു എന്നു പത്രങ്ങളിൽ നിരവധി പ്രാവശ്യം വാർത്തകൾ വന്നതാണ്. അവിടെ റവന്യൂ ഡിപ്പാർട്ടുമെൻറിലേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലേയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാർ സംയുക്തമായി ചേർന്നാണ് ഈ വനംകൊള്ളയ്ക്ക് പ്രേരണ നൽകുന്നത്, സഹായിക്കുന്നത് എന്നൊക്കെ പരാതികളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? അതിൽ വല്ല വാസ്തവവും ഉണ്ടോ? അവർക്കെതിരായി എന്തെങ്കിലും കേസെടുക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഏതെങ്കിലും പ്രത്യേക കേസ് ചൂണ്ടിക്കാണിച്ചാൽ തീർച്ചയായിട്ടും അതിനെതിരായിട്ട് നടപടി സ്വീകരിക്കും. ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ടു ഡിപ്പാർട്ടുമെൻറും കൂടി യോജിച്ചുകൊണ്ട് ഇങ്ങനെ വനംകൊള്ള നടത്തിയതായിട്ട് ഗവൺമെൻറിനറ ശ്രദ്ധയിൽപെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകുമ്പോൾ തീർച്ചയായും അന്വേഷണം നടത്താറുണ്ട്. അതിനാവശ്യമായ നടപടികളും സ്വീകരിക്കാറുണ്ട്.

ശ്രീ. കെ. പി. രാമൻ: വനം കയ്യേറുമ്പോഴും വനം കൊള്ള നടക്കുമ്പോഴും യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാനും കേസിന് തുമ്പുണ്ടാക്കാനും കഴിയാതെ വരുന്ന സാഹചര്യത്തിൽ നിരപരാധികളായ ആദി

LIBRARY ARCHIVES Kerala Legislative Assembly

വാസികളെ ശിക്ഷിക്കുന്നതും മറ്റു നടപടികളെടുക്കുന്നതുമായ സാഹചര്യം നമ്മുടെ സംസ്ഥാനത്ത് പല ഭാഗങ്ങളിലുമുണ്ട്. ഇതു തടയുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നിരപരാധികളായ ആദിവാസികളെ യാതൊരു കാരണവശാലും ശിക്ഷിക്കുകയോ അവരുടെ പേരിൽ കേസുകളെടുക്കുകയോ ചെയ്യുന്നില്ല.

ശ്രീ. ജി. വരദൻ: வட்டவடையிலுள்ள தமிழ்நாடு-கேரளா எல்கைக் கல்லில் தமிழ்நாடு சர்க்கார் வெள்ளையடித்திருப்பதாக ரவன்யு அமைச்சர் சொன்னார்கள். அதனுடைய பொருள் தமிழ்நாடு அரசாங்கம் நமது பூமியை அதிகமாக எடுக்திருக்கிறார்கள் என்று நான் நினைக்கிறேன். ஆகையால் அதை மறுபரிசீலனைச் செய்வதற்கு சட்டசபை உறுப்பினர்கள் அடங்கிய ஒரு கம்மிற்றியை உருவாக்க சர்க்கார் முன் வருமா?

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): അതിന്റെ മാപ്പു മെല്ലാം കൊണ്ടുപോയി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വെ ഉൾപ്പെടെയുള്ള ആളുകളാണ് അത് പരിശോധിച്ചത്. അവിടെ അതിർത്തി കല്ലുകളൊന്നും മാറിയിട്ടില്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: 1977-ന് മുമ്പ് കയ്യേറി താമസിക്കുന്ന കയ്യേറക്കാരെ ഒഴിപ്പിക്കുകയില്ലെന്ന നയത്തിന് വിരുദ്ധമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മച്ചാർ റെയ്ഞ്ചിൽ നാനൂറോളം വീട്ടുകാരുടെ കൈവശത്തിലുള്ള സ്ഥലം ഒഴിപ്പിക്കുവാനുള്ള ജെണ്ടയിട്ട് കെട്ടി ആ സ്ഥലങ്ങൾ ഒഴിപ്പിക്കുകയാണ്. ഇവർ 1967-ലെ തിരഞ്ഞെടുപ്പിനു മുമ്പുതന്നെ അവിടെ താമസിച്ചിരുന്ന ആളുകളാണ്. ഇതെല്ലാം ഒരേക്കറും, അരയേക്കറും, ഒന്നരയേക്കറും വരുന്ന സ്ഥലങ്ങളാണ്. അത് ഒഴിവാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തെ പറഞ്ഞു, 1977-ന് മുമ്പുള്ള കുടിയേറക്കാരെ ഒഴിപ്പിക്കേണ്ടതില്ലെന്നാണ് ഗവൺമെൻറിന്റെ നയമെന്ന്. അതിനു വിരുദ്ധമായി എന്തെങ്കിലും സംഭവമുണ്ടായിട്ടുണ്ടെങ്കിൽ അതു പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം. പക്ഷേ ഒരു പ്രവണത വന്നിട്ടുള്ളത് ഈയൊരു സമീപനം സ്വീകരിച്ചതുകൊണ്ട് എല്ലാപേരും പഴയ കുടിയേറക്കാരായി അവകാശപ്പെടുന്നുണ്ട്. അങ്ങനെയൊരു പ്രശ്നം കൂടിയുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് പലരും കഞ്ചാവുകൃഷി നടത്തുന്നുണ്ടെങ്കിലും പാവപ്പെട്ട ഹരിജനങ്ങളുടെ പേരിൽ മാത്രമാണ് കേസ് എടുത്തിട്ടുള്ളതെന്ന് പത്രത്തിൽ വാർത്ത വന്നിരുന്നു. അതിലുള്ള യഥാർത്ഥ പ്രതികളുടെ പേര് കേസുകളിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. പ്രമുഖനായ ഒരു കോൺഗ്രസ്-ഐ നേതാവാണ് കഞ്ചാവു കൃഷിയുടെ പിന്നിലുള്ളതെന്ന് പത്രത്തിൽ വന്ന റിപ്പോർട്ടിൽനിന്ന് ശദ്ധയിൽപ്പെടുകയും.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ വനം കൊള്ളയാണ് പ്രശ്നം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കഞ്ചാവുകൃഷി വനംകയ്യേറ്റത്തിലല്ലേ വരുന്നത്? കഞ്ചാവു കൃഷി വനത്തിലാണ് നടത്തുന്നത്. പ്രമുഖനായ ഒരു കോൺഗ്രസ് (ഐ) നേതാവാണ് കഞ്ചാവുകൃഷി നടത്തുന്നതെന്ന് പത്രറിപ്പോർട്ടിലുണ്ടായിരുന്നു. അയാളുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ? എന്തുകൊണ്ട് അയാളെ പ്രതികളുടെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്നു പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കഞ്ചാവുകൃഷിയെ സംബന്ധിച്ചാണ് ഇവിടെ ചോദ്യം ഉന്നയിച്ചത്. അതിനെപ്പറ്റി എനിക്ക് നിശ്ചയമില്ല. അന്വേഷിച്ചേ പറയാൻ കഴിയൂ. ഏതായാലും ശരി ഒരു കക്ഷിയേയും നോക്കാതെയാണ് നടപടിയെടുത്തത്. ജനതാ പാർട്ടി നേതാവായാലും നടപടിയെടുക്കും. കോൺഗ്രസ് നേതാവായാലും നടപടിയെടുക്കും.

ശ്രീ. ഒ. ഭരതൻ: നമ്മുടെ വനപ്രദേശം കയ്യേറി പുതിയ കല്ലുകൾ സ്ഥാപിച്ച് അനേകം ചതുരശ്ര കിലോമീറ്റർ സ്ഥലം കയ്യടക്കിയെന്നു ബഹുമാനപ്പെട്ട മെമ്പർ ഉത്തരവാദിത്വത്തോടുകൂടി ഇവിടെ പറഞ്ഞ സ്ഥിതിക്ക് ആ പ്രശ്നത്തെക്കുറിച്ച് പ്രത്യേകമായി ഒരു അന്വേഷണം നടത്തി ആവശ്യമായിട്ടുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ പറഞ്ഞത്. സർവ്വേ പാർട്ടിയോടുകൂടി ആർ.ഡി.ഒ. പോയി ആദ്യം അന്വേഷിച്ചു. വീണ്ടും പത്രങ്ങളിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറോട് അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ജില്ലാ കളക്ടറിൽനിന്ന് റിപ്പോർട്ട് കിട്ടുന്നതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: ശ്രീ. ഇസ്മയിൽ ചോദിച്ച ചോദ്യത്തിന് വ്യക്തമായ മറുപടി മന്ത്രി പറഞ്ഞില്ല. മാനന്തവാടിക്കടുത്തുള്ള ഗോവതി എസ്റ്റേറ്റിനടുത്തു പഞ്ചാരക്കൊല്ലിയെന്ന സ്ഥലത്തു 285 ഏക്കർ സ്ഥലം വെസ്റ്റഡ് ഫോറസ്റ്റാണ്. ഈ സ്ഥലത്തുള്ള അമ്പതോളം ഏക്കർ സ്ഥലത്തെ മരം ഏറക്കുറെ വെട്ടിമാറ്റി. വെട്ടിമാറ്റാതെ അഞ്ചോ എട്ടോ മരം അവിടെ നിൽക്കുന്നുണ്ട്. ആദിവാസികൾക്ക് സ്ഥലം അലോട്ടു ചെയ്തതുകൊണ്ടാണ് ആ മരംവെട്ടു നടന്നത്. അതിനെ സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് അതു സ്റ്റേ ചെയ്തിട്ടുണ്ട്. വെട്ടിപ്പോയ മരത്തെ സംബന്ധിച്ച് ഗവൺമെന്റ് വല്ല നടപടിയും എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനി നടപടി എടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വനം വകുപ്പിൽനിന്നു സമീപകാലത്തായി ആദിവാസികൾക്ക് സ്ഥലം അലോട്ടുചെയ്തിട്ടില്ല. ഇവിടെയൊരു പ്രത്യേക പ്രോജക്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലാണെങ്കിൽ അത് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ശ്രീ. സിറിയക് ജോൺ: ചതിരൂർ വനം കുറെ കോൺഗ്രസ് (ഐ) നേതാക്കൻമാരുൾപ്പെടെയുള്ളവരുടെ പേരിൽ കൃത്രിമ രേഖകളുണ്ടാക്കി തട്ടിയെടുക്കാനുള്ള ശ്രമം നടന്നതായും അവരെ അടുത്ത കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഡ് ചെയ്തതായിട്ടുമുള്ള പത്രവാർത്തകളും ഈ നിയമ സഭയിൽത്തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇപ്പോഴും ഈ നേതാക്കൻമാരുടെയും സബ് രജിസ്ട്രാറുടെയുള്ളവരുടെയും പേരിലുള്ള സസ്പെൻഷൻ നടപടികളും പിൻവലിച്ചതായി പത്രവാർത്തകളും കാണുകയുണ്ടായി. ആ നേതാക്കൻമാർ കൃത്രിമ രേഖകളുണ്ടാക്കുന്നതിൽ ഉൾപ്പെട്ടിരുന്നില്ലെന്നാണോ ഇതിന്റെ അർത്ഥം? അതോ ആ രേഖയുടെ അടിസ്ഥാനത്തിൽ വനഭൂമി കൈമാറാം ചെയ്യാൻ വേണ്ട നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിലാണോ? എന്തു കാരണത്താലാണ് ഇതിന്റെ പേരിലുള്ള ശിക്ഷാനടപടി പിൻവലിച്ചതെന്ന് പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ സബ് രജിസ്ട്രാറുടെ പേരിലുള്ള ശിക്ഷാനടപടി പിൻവലിച്ചിട്ടില്ലെന്നു മാത്രമല്ല അദ്ദേഹം സസ്പെൻഷനിലിരിക്കേതന്നെ സർവ്വീസിൽനിന്നു റിട്ടയർചെയ്തു കഴിഞ്ഞു. എന്നു മാത്രമല്ല ആ കേസ് അന്വേഷണം നടത്തി അദ്ദേഹത്തിന്റെ പേരിൽ മറ്റു നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റേ കാര്യം സംഘടനാപരമായ ഒരു കാര്യമാണ്. ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ സഭയിലിരിക്കുന്ന വ്യത്യസ്ത കക്ഷിയിലുള്ളവരെല്ലാം ഈ സംസ്ഥാനം ഭരിച്ചിരുന്നവരാണ്. അവരുടെ ഭരണകാലത്തും വനഭൂമി കയ്യേറ്റം തുടങ്ങിയവ ഈ സംസ്ഥാനത്തു നടന്നിട്ടുണ്ട്. പക്ഷേ ഒരു കൃത്രിമ രേഖയുണ്ടായതിന്റെ പേരിൽ, അത് അവർ അറിഞ്ഞിട്ടുള്ള രേഖയാണോ അറിയാതെയുള്ള രേഖയാണോയെന്നുപോലും അറിയില്ല, ഒരു പാർട്ടിയുടെ മെമ്പർമാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചു ആദ്യമായി മാതൃക കാണിച്ചിട്ടുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ് എന്ന കാര്യം അഭിമാനത്തോടുകൂടി ഞാൻ പറയുന്നു.

II. അടിയന്തിര പ്രമേയം

റിപ്പബ്ലിക് ദിനം ബഹിഷ്കരിക്കണമെന്ന ബാബറി മസ്ജിദ് സമ്മേളനത്തിന്റെ ആഹ്വാനം

മി. സ്പീക്കർ: റിപ്പബ്ലിക് ദിനാഘോഷം ബഹിഷ്കരിക്കണമെന്ന് അഖിലേന്ത്യാ ബാബറി മസ്ജിദ് സമ്മേളനത്തിന്റെ ആഹ്വാനം മൂലം നമ്മുടെ സംസ്ഥാനത്ത് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്നു നിയമസഭാ നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ആർ. എസ്. ഉണ്ണി, കെ. ചന്ദ്രശേഖരൻ, ലോനപ്പൻ നമ്പാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബാബറി മസ്ജിദ് സമ്മേളനം എടുത്തിട്ടുള്ള തീരുമാനങ്ങളെ സംബന്ധിച്ച് ഔദ്യോഗികമായി സംസ്ഥാന ഗവൺമെന്റിന് യാതൊരു വിവരവുമില്ല. എന്നാൽ പത്രവാർത്തകൾ അതേപടി സ്വീകരിച്ച് ഏതെങ്കിലും വിധത്തിൽ അഭിപ്രായം പറയുന്നതിനോട് ഞാൻ യോജിക്കുന്ന ആളല്ല. അതു സംബന്ധിച്ച് ഒരു അടിയന്തിര പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ഇന്ത്യയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പരിപാവനമായ ഒന്നാണ്. അതേയവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly